# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2184 — 11.06.2018 - ൽ മറുപടിക്ക്

**<u>കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.അൻവർ സാദത്ത്</td><td colspan="2">ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)</td></tr>
<tr><td>എ)</td><td>കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിലിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;</td><td>എ)</td><td>14 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.</td></tr>
<tr><td>ബി)</td><td>അനുവദിക്കപ്പെട്ട തസ്തികകളുടെ പേരും സർക്കാർ ഉത്തരവിന്റെ നമ്പരും വ്യക്തമാക്കുമോ;</td><td>ബി)</td><td>
<table>
<tr><th>തസ്തിക</th><th>ഉത്തരവ് നം.</th></tr>
<tr><td>രജിസ്ട്രാർ-1</td><td>22.11.2008 ലെ 32988/സി3/08/ആ.കു.വ നമ്പർ വിജ്ഞാപനം.</td></tr>
<tr><td>ഡെപ്യൂട്ടി രജിസ്ട്രാർ-1</td><td rowspan="7">29.03.2010 ലെ (എം.എസ്) 132/2010/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ്</td></tr>
<tr><td>ജൂനിയർ സൂപ്രണ്ട്-1</td></tr>
<tr><td>എൽ.ഡി.ക്ലാർക്ക്-3</td></tr>
<tr><td>ഡേറ്റാ എൻട്രി ഓപ്പറേറ്റർ-2</td></tr>
<tr><td>അറ്റൻഡർ-1</td></tr>
<tr><td>വാച്ച്മാൻ-1</td></tr>
<tr><td>പ്യൂൺ-1</td></tr>
<tr><td>എൽ.ഡി.ക്ലാർക്ക്-1</td><td rowspan="2">05.05.2008 ലെ (എം.എസ്) 151/2008/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ്</td></tr>
<tr><td>അക്കൗണ്ടന്റ്-1</td></tr>
<tr><td>ഡ്രൈവർ-1</td><td>07.02.2011 ലെ (എം.എസ്)84/2011/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ്</td></tr>
</table>
</td></tr>
<tr><td>സി)</td><td>അനുവദിക്കപ്പെട്ട തസ്തികകളുടെ നിയമന രീതി എങ്ങനെയാണ്;</td><td>സി)</td><td>1953 ലെ നഴ്സസ് ആന്റ് മിഡ് വൈഫ്സ് ആക്ട് സെക്ഷൻ 17(1) പ്രകാരം രജിസ്ട്രാറെ സർക്കാർ നിയമിക്കുകയും, സെക്ഷൻ 17(2) പ്രകാരം സർക്കാർ സൃഷ്ടിച്ച തസ്തികകളിൽ രജിസ്ട്രാർ ഒഴികെ മറ്റ് ആഫീസർമാരെയും ജീവനക്കാരെയും നിയമിക്കാനുള്ള അധികാരം (നിയമനാധികാരി) കൗൺസിലിൽ നിക്ഷിപ്തമാണ്.</td></tr>
</table>

<table>
<tr>
<td>ഡി)</td>
<td>ഡെപ്യൂട്ടേഷൻ തസ്തികകളിൽ നിയമിതരായ ഉദ്യോഗസ്ഥർ അവരുടെ റിട്ടയർമെന്റിനു ശേഷം കരാർ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികകളിൽ തുടരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td>
<td>ഡി)</td>
<td>സൂപ്പർവൈസറി തസ്തികകളായ ഡെപ്യൂട്ടി രജിസ്ട്രാർ, ജൂനിയർ സൂപ്രണ്ട്, അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ സർവ്വീസിൽ നിന്നും വിരമിച്ച പരിചയസമ്പന്നരായവരെ, കരാർ നിയമനം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുളള മാനദണ്ഡങ്ങൾക്ക് വിധേയമായി, കൗൺസിൽ തീരുമാനപ്രകാരം നിയമിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>ഇ)</td>
<td>എത്ര പേർ എന്നു മുതൽ ഏതെല്ലാം തസ്തികകളിലാണ് കരാർ അടിസ്ഥാനത്തിൽ ഇപ്പോൾ ജോലി ചെയ്യുന്നത്; റിട്ടയർ ചെയ്തവരുടെ സേവനം അവസാനിപ്പിച്ചു ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പുതിയ നിയമനം നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?</td>
<td>ഇ)</td>
<td>32 പേർ
<table>
<tr><th>തസ്തിക</th><th>തീയതി</th></tr>
<tr><td>ഡെപ്യൂട്ടി രജിസ്ട്രാർ-1</td><td>13.07.2016 മുതൽ</td></tr>
<tr><td>ജൂനിയർ സൂപ്രണ്ട്-1</td><td>18.04.2015 മുതൽ</td></tr>
<tr><td>അക്കൗണ്ടന്റ്-1</td><td>22.06.2015 മുതൽ</td></tr>
<tr><td>ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ-22</td><td>(15.11.2003 മുതൽ 06.06.2016 വരെയുളള വിവിധ തീയതികൾ)</td></tr>
<tr><td>ടെലിഫോൺ ഓപ്പറേറ്റർ-1</td><td>13.02.2017 മുതൽ</td></tr>
<tr><td>ആഫീസ് അറ്റൻഡന്റ്-3</td><td>10.01.2008, 01.03.2008, 09.06.2010 എന്നീ തീയതികൾ മുതൽ</td></tr>
<tr><td>ഫുൾടൈം സ്വീപ്പർ-3</td><td>05.06.2008, 05.06.2009, 01.10.2012 എന്നീ തീയതികൾ മുതൽ</td></tr>
</table>
നിയമനാധികാരിയായ കൗൺസിലാണ് കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാൻ തീരുമാനിച്ചത്. കരാർ വ്യവസ്ഥയിൽ നിയമിക്കുന്നവർക്ക് പ്രായപരിധിയും കൗൺസിൽ നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ ഇപ്പോൾ ടി തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിലല്ല നിയമനം നടത്തുന്നത്. 29.03.2010 ലെ ഉത്തരവ് പ്രകാരം സൃഷ്ടിച്ച മറ്റ് തസ്തികകളിൽ നാളിതുവരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടില്ല.</td>
</tr>
</table>

Milan

സെക്ഷൻ ഓഫീസർ